**ചരമോപചാരം**

<u>കെ. കുട്ടി അഹമ്മദ് കുട്ടി, എം. എം. ലോറൻസ്, കെ. പി. കുഞ്ഞിക്കണ്ണൻ, സീതാറാം യെച്ചൂരി എന്നിവരുടെ നിര്യാണം</u>

<u>മി. സ്പീക്കർ</u>: മുൻ മന്ത്രി കെ. കുട്ടി അഹമ്മദ് കുട്ടി 2024 ആഗസ്റ്റ് 11- നം മുൻ ലോക് സഭാംഗം എം. എം. ലോറൻസ് 2024 സെപ്റ്റംബർ 21- നം മുൻ എം.എൽ.എ. കെ. പി. കുഞ്ഞിക്കണ്ണൻ 2024 സെപ്റ്റംബർ 26- നം, സി.പി.ഐ.(എം.) ജനറൽ സെക്രട്ടറിയും മുൻ രാജ്യസഭാംഗവുമായ സീതാറാം യെച്ചൂരി 2024 സെപ്റ്റംബർ 12- നം അന്തരിച്ചു.

<u>കെ. കുട്ടി അഹമ്മദ് കുട്ടി</u>

മുൻ മന്ത്രിയും മുസ്ലീം ലീഗ് നേതാവുമായ കെ. കുട്ടി അഹമ്മദ് കുട്ടി 2024 ആഗസ്റ്റ് 11-ന് അന്തരിച്ചു. താനൂരിലെ ആദ്യകാല മുസ്ലീം ലീഗ് നേതാവ് കെ. സെയ്താലിക്കുട്ടിയുടെയും കുഞ്ഞിപാത്തുട്ടിയുടെയും മകനായി 1953 ജനുവരി 15-ന് ജനിച്ച കെ. കുട്ടി അഹമ്മദ് കുട്ടി ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ സാധാരണ പ്രവർത്തകനായി പൊതുപ്രവർത്തനം ആരംഭിച്ച് ഉന്നത പദവികളിലേയ്ക്ക് എത്തിച്ചേർന്ന നേതാവായിരുന്നു. തീരദേശത്തുനിന്നുള്ള

പൊതുപ്രവർത്തകൻ എന്ന നിലയിൽ വ്യക്തിപരമായി ആ മേഖലയിൽ കൂടുതൽ സ്വാധീനം ചെലുത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, മുസ്ലീം/പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിങ്ങനെ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ സാമൂഹ്യ-വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ പുരോഗതിക്കും പങ്കാളിത്തത്തിനും വേണ്ടി പ്രയത്നിച്ച നേതാവായിരുന്നു അദ്ദേഹം.

മുസ്ലീം ലീഗ് താനൂർ മണ്ഡലം പ്രസിഡന്റ്, മുസ്‌ലീം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ്, താനൂർ പഞ്ചായത്ത് പ്രസിഡന്റ്, മലപ്പുറം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം 1992-ലെ ഉപതിരഞ്ഞെടുപ്പിൽ താനൂരിൽനിന്നും വിജയിച്ച് 9-ാം കേരള നിയമസഭയിലെത്തി. തുടർന്ന് 1996, 2001, 2006 വർഷങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകളിൽ തിരൂരങ്ങാടിയിൽനിന്നും വിജയിച്ച കെ. കുട്ടി അഹമ്മദ് കുട്ടി, 2004-ൽ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയായിരുന്നു. പതിനൊന്നാം കേരള നിയമസഭയിൽ പിന്നാക്ക സമുദായ

ക്ഷേമം സംബന്ധിച്ച സമിതി (2001-04) അദ്ധ്യക്ഷനായും പന്ത്രണ്ടാം കേരള നിയമസഭയിൽ ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2006-11)-യുടെ അദ്ധ്യക്ഷനായും പ്രവർത്തിച്ചു. ലാളിത്യവും സ്ഥിരോത്സാഹവും കൈമുതലാക്കിയ ഒരു പൊതുപ്രവർത്തകനെയാണ് കെ. കുട്ടി അഹമ്മദ് കുട്ടിയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

എം. എം. ലോറൻസ്

മുതിർന്ന സി.പി.ഐ.(എം) നേതാവും മുൻ ലോക് സഭാംഗവുമായിരുന്ന എം. എം. ലോറൻസ് 2024 സെപ്റ്റംബർ 21-ന് അന്തരിച്ചു. എറണാകുളത്ത് മുളവുകാട് മാടമാക്കൽ അവിരാമാത്തുവിന്റെയും മംഗലത്ത് മറിയത്തിന്റെയും മകനായി ജനിച്ച എം. എം. ലോറൻസ് അടിച്ചമർത്തപ്പെട്ട തൊഴിലാളി വർഗത്തിന്റെ അവകാശ പോരാട്ടങ്ങളിലെ ധീരനായകനായാണ് ശ്രദ്ധേയനായത്. 1946-ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായ അദ്ദേഹം എറണാകുളം ജില്ലയിൽ അസംഘടിത തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. ഒരു വ്യാഴവട്ടക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി കൺവീനറായിരുന്ന അദ്ദേഹം സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറി,

സി.ഐ.ടി.യു. ദേശീയ വൈസ് പ്രസിഡന്റ്, സി.പി.ഐ.(എം) കേന്ദ്ര കമ്മിറ്റിയംഗം തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഒരു കാലത്ത് സമൂഹം അകറ്റി നിർത്തിയിരുന്ന തോട്ടിത്തൊഴിലാളികളെ ആദ്യമായി സംഘടിപ്പിച്ച് അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തിയ സംഘാടകനെന്ന നിലയിൽ ഏറെ ജനശ്രദ്ധ നേടിയ നേതാവായിരുന്നു അദ്ദേഹം. ഇതുസംബന്ധിച്ച് പ്രശസ്ത കവി ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് എഴുതിയ കവിത സുപ്രസിദ്ധവും ഹൃദയഹാരിയുമാണ്. ഇടപ്പള്ളി പൊലീസ് സ്റ്റേഷൻ ആക്രമണക്കേസിൽ അറസ്റ്റിലായി പൊലീസ് മർദനത്തിനിരയാകുകയും അടിയന്തരാവസ്ഥക്കാലത്ത് 16 മാസം കരുതൽ തടങ്കലിലാകുകയും ചെയ്തിട്ടുണ്ട്. 1980-ൽ ഇടുക്കിയിൽനിന്ന് ലോക്സഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം തന്റെ പൊതുപ്രവർത്തന മേഖല ഏറെ സമചിത്തതയോടെയാണ് കൈകാര്യം ചെയ്തിരുന്നത്.

നിശ്ചയദാർഢ്യവും ഉറച്ച നിലപാടുകളും സഹജീവി സ്നേഹവും തൊഴിലാളിവർഗ കാഴ്ചപ്പാടും എല്ലാക്കാലത്തും കാത്തുസൂക്ഷിച്ചിരുന്ന

ഉത്തമനായ ഒരു നേതാവിനെയാണ് എം. എം. ലോറൻസിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമാകുന്നത്.

<u>കെ. പി. കുഞ്ഞിക്കണ്ണൻ</u>

മുൻ നിയമസഭാംഗവും മുതിർന്ന കോൺഗ്രസ്സ് നേതാവുമായിരുന്ന കെ. പി. കുഞ്ഞിക്കണ്ണൻ 2024 സെപ്റ്റംബർ 26-ന് അന്തരിച്ചു. സംസ്കൃത പണ്ഡിതൻ ആനിടിൽ കിഴക്കിനകത്ത് കുഞ്ഞമ്പു പൊതുവാളിന്റെയും കുഞ്ഞിഗംഗയുടെയും മകനായി ജനിച്ച കെ. പി. കുഞ്ഞിക്കണ്ണൻ വിദ്യാർഥി രാഷ്ട്രീയത്തിലൂടെ പാർട്ടിയിൽ ഉയർന്നുവരികയും യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പിന്നീട് 1977-ൽ യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, കാസർഗോഡ് ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി എന്നീ പദവികൾ അലങ്കരിച്ചു. 1987-ൽ ഉദുമ മണ്ഡലത്തിൽനിന്ന് എട്ടാം കേരള നിയമസഭയിലെത്തി. കേരഫെഡ് ചെയർമാൻ, ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ഡയറക്ടർ, വൈദ്യുതി ബോർഡ് അംഗം തുടങ്ങിയ നിരവധി ഉന്നത പദവികൾ അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കോൺഗ്രസിനെ വളർത്തുന്നതിൽ

നിർണ്ണായക പങ്കുവഹിച്ച നേതാവായിരുന്നു അദ്ദേഹം. ലാളിത്യം കൈമുതലാക്കിയ മനുഷ്യസ്നേഹിയായ ഒരു നേതാവിനെയാണ് കെ. പി. കുഞ്ഞിക്കണ്ണന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## സീതാറാം യെച്ചൂരി

സി.പി.ഐ.(എം.) ജനറൽ സെക്രട്ടറിയും മുൻ രാജ്യസഭാംഗവുമായിരുന്ന സീതാറാം യെച്ചൂരി 2024 സെപ്റ്റംബർ 12-ന് അന്തരിച്ചു. ഇന്ത്യയിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും അടിച്ചമർത്തപ്പെട്ടവരുമായ ജനവിഭാഗങ്ങളുടെ ശബ്ദമായിരുന്നു സീതാറാം യെച്ചൂരി. തൊഴിലാളിവർഗത്തിന്റെയും മറ്റ് പാവപ്പെട്ട ജനവിഭാഗങ്ങളുടേയും അവകാശങ്ങൾക്കായുള്ള പോരാട്ടമായിരുന്നു സീതാറാം യെച്ചൂരിയുടെ സോഷ്യലിസ്റ്റ്, മതനിരപേക്ഷ മൂല്യങ്ങളിലുറച്ച സമരോത്സുക ജീവിതം. 1952 ഓഗസ്റ്റ് 12-ന് മദ്രാസിൽ ജനിച്ച സീതാറാം, ആന്ധ്രാപ്രദേശിലെ കാക്കിനാഡ സ്വദേശികളായ സർവേശ്വര സോമയാജലു യെച്ചൂരിയുടെയും കൽപക യെച്ചൂരിയുടെയും മകനാണ്. സമർഥനായ വിദ്യാർഥിയായിരുന്ന അദ്ദേഹം പത്താം ക്ലാസുവരെ ഹൈദരാബാദിലെ ഓൾ സെയിന്റ്സ് ഹൈസ്കൂളിലും, തുടർന്ന് ന്യൂഡൽഹിയിലെ പ്രസിഡന്റ് എസ്റ്റേറ്റ്

സ്കൂളിലുമായി സ്കൂൾ പഠനം പൂർത്തിയാക്കി. സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി പരീക്ഷയിൽ അഖിലേന്ത്യാതലത്തിൽ ഒന്നാം റാങ്ക് നേടി. ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബി.എ.(ഓണേഴ്സ്)-യും, ജവഹർലാൽ നെഹ്റു സർവകലാശാല യിൽ (ജെ.എൻ.യു.)-നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ എം.എ.-യും നേടി. ജെ.എൻ.യു.-വിൽ സാമ്പത്തിക ശാസ്ത്രത്തിൽ പി.എച്ച്.ഡി.-ക്ക് ചേർന്നെങ്കിലും അടിയന്തരാവസ്ഥക്കാലത്ത് അറസ്റ്റ് ചെയ്യപ്പെട്ടതിനാൽ പഠനം നിർത്തേണ്ടിവന്നു.

1984-ൽ സി.പി.ഐ.(എം.)-ന്റെ കേന്ദ്ര കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട യെച്ചൂരി 1985-ൽ കേന്ദ്ര സെക്രട്ടേറിയറ്റിലെത്തി. 1992-ലെ പതിനാലാമത് പാർട്ടി കോൺഗ്രസിൽ പോളിറ്റ് ബ്യൂറോയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 2015 ഏപ്രിൽ 19-ന് വിശാഖപട്ടണത്ത് നടന്ന പാർട്ടിയുടെ 21-ാമത് കോൺഗ്രസിൽ സി.പി.ഐ.(എം.)-ന്റെ അഞ്ചാമത്തെ ജനറൽ സെക്രട്ടറിയായി. 2018, 2022 വർഷങ്ങളിലെ പാർട്ടി

കോൺഗ്രസുകളിലും അദ്ദേഹം ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. മരണംവരെ അദ്ദേഹം ആ പദവിയിൽ സേവനമനുഷ്ഠിച്ചു.

ലോകമെമ്പാടുമുള്ള വിവിധ സോഷ്യലിസ്റ്റ് പാർട്ടി സമ്മേളനങ്ങളിൽ സീതാറാം യെച്ചൂരി സി.പി.ഐ.(എം.)-നെ പ്രതിനിധീകരിച്ചു. മികച്ച എഴുത്തുകാരൻ കൂടിയായ അദ്ദേഹം നിരവധി പുസ്തകങ്ങളുടെ രചയിതാവും പ്രമുഖ പത്രങ്ങളിലെ കോളമിസ്റ്റും ആയിരുന്നു. 2005 ജൂലൈയിൽ പശ്ചിമ ബംഗാളിൽനിന്ന് രാജ്യസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 2017-വരെ സി.പി.ഐ.(എം.) രാജ്യസഭാ കക്ഷി നേതാവായിരുന്നു. പ്രധാനപ്പെട്ട നിരവധി വിഷയങ്ങൾ അദ്ദേഹം പാർലമെന്റിൽ ഉയർത്തിക്കൊണ്ടുവന്നു. 2004-ൽ യു.പി.എ. സർക്കാരിന്റെ പൊതുമിനിമം പരിപാടിയുടെ രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിച്ചു. ഒരു മികച്ച പാർലമെന്റേറിയൻ കൂടിയായ സീതാറാം യെച്ചൂരി നിരവധി ജനകീയ പ്രശ്നങ്ങളിൽ നടത്തിയ ഇടപെടലുകൾ സമാനതകളില്ലാത്തവയാണ്. മാർക്സിസ്റ്റ് വഴികളിലൂടെ കൃത്യതയോടെ മുന്നേറിയ സീതാറാം യെച്ചൂരി, മറ്റ് രാഷ്ട്രീയ പാർട്ടികളിൽപ്പോലും കാര്യമായ സ്വാധീനം ചെലുത്തി. ഇന്ത്യയിലെ ഹിന്ദുത്വ ഫാസിസ്റ്റ് വർഗീയ

ശക്തികൾക്കെതിരായ ഇന്ത്യാസഖ്യം കെട്ടിപ്പടുക്കുന്നതിൽ മുഖ്യ സംഘാടകന്റെ റോളിൽ യെച്ചൂരിയായിരുന്നു നിറഞ്ഞുനിന്നത്. അദ്ദേഹത്തിന്റെ സൈദ്ധാന്തിക ധാരണയും പ്രായോഗിക യുക്തിയും ഇന്ത്യൻ ഇടതുപക്ഷ പ്രസ്ഥാനത്തിന് വളരെയധികം സംഭാവന നൽകി. തന്റെ രാഷ്ട്രീയ ജീവിതത്തിലുടനീളം, സാമ്രാജ്യത്വത്തിനും സങ്കുചിത വർഗീയതയ്ക്കും വിഭാഗീയതയ്ക്കും ഫാസിസത്തിനുമെതിരെ അദ്ദേഹം നിലകൊണ്ടു. അടിയന്തരാവസ്ഥയുടെ ഭീകരതയെ നിർഭയം നേരിട്ട വിപ്ലവകാരിയായ വിദ്യാർഥിയിൽനിന്നും രാജ്യമാകെ ബഹുമാനിക്കുന്ന സമുന്നതനായ കമ്യൂണിസ്റ്റ് നേതാവായി വളർന്ന യെച്ചൂരിയുടെ ജീവിതം ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിലെ ഉജ്ജ്വലമായ ഏടുകളിലൊന്നാണ്. ഇടതുപക്ഷ പുരോഗമന പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ-അടവുപരമായ സമീപനങ്ങൾ, മാറുന്ന ദേശീയ-സാർവദേശീയ സാഹചര്യങ്ങൾക്കനുസൃതമായി രൂപപ്പെടുത്തുന്നതിൽ സവിശേഷമായ മികവോടെയുള്ള പങ്കാണ് സീതാറാം യെച്ചൂരി എന്നും വഹിച്ചിരുന്നത്. ആധുനിക മുതലാളിത്തത്തിന്റെയും നവലിബറലിസത്തിന്റെയും കാലത്ത് കൃത്യമായ സൈദ്ധാന്തിക വ്യക്തതയോടെ ശരിയായ നയം

രൂപീകരിക്കുന്നതിലും പുതിയ ജനവിഭാഗങ്ങളിലേയ്ക്ക് ഇടതുപക്ഷത്തിന്റെ സ്വീകാര്യതയെ വ്യാപിപ്പിക്കുന്നതിലും സീതാറാം വഹിച്ച പങ്ക് സമാനതകളില്ലാത്തതാണ്.

ഇന്ത്യയെ മതനിരപേക്ഷ, ഫെഡറൽ സ്വഭാവങ്ങളുള്ള രാജ്യമാക്കി നിലനിർത്തുന്നതിനും വർഗീയതയുടെയും വംശീയതയുടെയും അടിസ്ഥാനത്തിൽ രാജ്യം ഛിന്നഭിന്നമാക്കപ്പെടില്ലെന്ന് ഉറപ്പുവരുത്തുന്നതിനും ഭരണഘടന അട്ടിമറിക്കപ്പെടാതിരിക്കാനും സീതാറാം നടത്തിയ പോരാട്ടങ്ങൾ ചരിത്ര പ്രാധാന്യമുള്ളവയാണെന്ന് കാലം വിലയിരുത്തും. ശബ്ദമില്ലാത്തവരുടെ ശബ്ദമായിരുന്നു പാർലമെന്റിലും പുറത്തും സീതാറാം യെച്ചൂരി.

ധീരോദാത്തമായ ഒരു രാഷ്ട്രീയ ജീവിതത്തിനാണ് സീതാറാം യെച്ചൂരിയുടെ നിര്യാണത്തിലൂടെ തിരശ്ശീല വീണിരിക്കുന്നത്. ഇന്ത്യൻ ജനാധിപത്യത്തിനും മതനിരപേക്ഷ രാഷ്ട്രീയത്തിനും പൊതുവിലും തൊഴിലാളിവർഗ വിപ്ലവ പ്രസ്ഥാനത്തിന് പ്രത്യേകിച്ചും നികത്താനാവാത്ത നഷ്ടമാണ് യെച്ചൂരിയുടെ വിയോഗം.

അന്തരിച്ചവരോടുള്ള ആദരസൂചകമായി അൽപസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കാം.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)